മ ർ ക്കോ . 3 : 7 – 1 9

**2024 ജനുവരി 21**

## വചനഭാഷ്യം

**ഡോ. ജോസഫ് മണവാളൻ**

# യേശുവിന്റെ തിരഞ്ഞെടുപ്പ്

മർക്കോസിന്റെ സുവിശേഷം ആരംഭിക്കുന്നത് മരുഭൂമിയിലാണ് (1:113); അവസാനിക്കുന്നതാകട്ടെ യേശുവിന്റെ കല്ലറയെ ചുറ്റിപ്പറ്റിയും (15:42–16:8). ഇതിനിടയിൽ രണ്ട് സ്ഥലങ്ങൾ യേശുവിന്റെ ശുശ്രൂഷയിൽ പ്രധാനപ്പെട്ടതാണ് ഗലീലിയും (1:14–8:26) ജെറുസലേമും (11:1–15:41). ഇതോടൊപ്പം ഗലീലിയിൽ നിന്നും ജെറുസലേമിലേക്കുള്ള യേശുവിന്റെ യാത്രയും (8:27–10:52) ഈ സുവിശേഷത്തിന്റെ ഭാഗമാണ്.

ഈ സുവിശേഷഭാഗം (മർക്കോസ് 3:7–19) ഗലീലിയിലെ യേശുവിന്റെ ശുശ്രൂഷയുമായി ബന്ധപ്പെട്ടതാണ്. സാത്താന്റെ, രോഗത്തിന്റെ, പാപത്തിന്റെ, പുണ്യത്തിന്റെ, സാബത്തിന്റെ അടിമത്വത്തിൽ നിന്ന് ജനത്തെ മോചിപ്പിച്ചുകൊണ്ട് യേശു ദൈവഭരണം സംജാതമാക്കുന്നതാണ് ഈ ഭാഗത്തെ പ്രമേയം (1:21–3:12).

## വ്യാഖ്യാനം

*വലിയജനക്കൂട്ടം അവനെ അനുഗമിച്ചു (3:7-9)*: ഇത് യേശുവിന്റെ ഗലീലിയൻ ശുശ്രൂഷയുടെ സ്വാധീനത്തെ വിവരിക്കുന്നു... രോഗികളെ സുഖപ്പെടുത്താനും പിശാചുക്കളെ പുറത്താക്കാനുമുള്ള അവന്റെ കഴിവാണ് അവരെ ആകർഷിച്ചത് (3:10–12).

ഈ ഭാഗം പരിശോധിക്കുമ്പോൾ, മൂന്ന് വ്യത്യസ്ത തരം ജനങ്ങൾ യേശുവിൽ ആകൃഷ്ടരായി അവനെ അനുഗമിക്കുന്നു.

1) യേശുവിന്റെ ശിഷ്യന്മാർ (3:7,9): (പത്രോസ്, അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ, മത്തായി etc). പ്രതിബദ്ധതയുള്ളവരാണിവർ. യേശുവിനെ അനുഗമിക്കാനുള്ള ആഹ്വാനത്തിന് അവർ ഉത്തരം നൽകി (cf. മർക്കോസ് 1:1620; 2:14). അവൻ ആവശ്യപ്പെട്ട രീതിയിൽ അവർ തങ്ങളുടെ സേവനം വാഗ്ദാനം ചെയ്തു. യേശു അവരോട് ഒരു വള്ളം തയ്യാറാക്കാൻ ആവശ്യപ്പെട്ടതുപോലെ (3:9); പിന്നീട് അവരെ പ്രസംഗിക്കാൻ അയക്കുന്നതുപോലെ (മർക്കോസ് 3:13,14).

2) വലിയ ജനക്കൂട്ടം (3:7–10): കൗതുകമായിരുന്നു ഇവരിലെ പ്രധാന ഗുണം. സുഖം പ്രാപിക്കാൻ ആഗ്രഹിക്കുന്നവരും അല്ലെങ്കിൽ ഒരുപക്ഷേ ഒരു അത്ഭുതം കാണാൻ ആഗ്രഹിക്കുന്നവരും ഇതിൽ ഉൾപ്പെടുന്നു. യേശുവിനെ പലപ്പോഴും അനുഗമിച്ചെങ്കിലും അവർ യഥാർത്ഥ ശിഷ്യരായിരുന്നില്ല.

3) അശുദ്ധാത്മാക്കൾ (3:11–12): അപലപിക്കപ്പെട്ടവരാണിവർ (condemned). അശുദ്ധാത്മാക്കൾ പിശാചാണ്. യേശു ആരാണെന്ന് അവർക്ക് അറിയാമായിരുന്നു (മർക്കോസ് 3:11). പീഡനം തങ്ങളെ കാത്തിരിക്കുന്നുവെന്ന് അവർക്കറിയാമായിരുന്നു എന്നിട്ടും തങ്ങളുടെ ദുഷിച്ച വഴികളിൽ നിന്നും മാറാൻ/പശ്ചാത്തപിക്കാൻ അവർ ഒരു ആഗ്രഹവും കാണിച്ചില്ല.

പിന്നെ അവൻ പന്ത്രണ്ടുപേരെ നിയമിച്ചു (vv.13-19): യേശുവിന്റെ മൂന്നു വർഷത്തെ പരസ്യശുശ്രൂഷയിൽ ഇതിലും പ്രാധാന്യമുള്ളതായി ഒന്നുമില്ല. അവൻ ആരംഭിച്ചത് തുടരാൻ ഇവരായിരുന്നു; അവരില്ലാതെ യേശുവിന്റെ പ്രവൃത്തി ലോകമെമ്പാടും വ്യാപിക്കുകയില്ല. സാത്താന്റെ, രോഗത്തിന്റെ, പാപത്തിന്റെ, പുണ്യത്തിന്റെ, സാബത്തിന്റെ അടിമത്വത്തിൽ നിന്ന് ജനത്തെ മോചിപ്പിക്കുന്ന ദൈവഭരണം തുടരാൻ യേശു തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു.

ശിഷ്യന്മാരുടെ ആദ്യത്തെ ജോലി യേശുവിനോടൊപ്പം ആയിരിക്കുക, അവന്റെ ചുറ്റുപാടിൽ നിന്ന് പഠിക്കുക എന്നതായിരുന്നു. ശിഷ്യൻ യേശുവിനോടു 'കൂടെ' ഉണ്ടായിരുന്നിടത്തോളം മാത്രമേ യേശുവിന് പ്രയോജനപ്പെടുകയുള്ളൂ. യേശുക്രിസ്തുവുമായി യഥാർത്ഥവും വ്യക്തിപരവുമായ ബന്ധം പുലർത്താതെ പ്രസംഗിക്കുന്നവർ നിത്യനന്മയ്ക്കായി ഒന്നും ചെയ്തിട്ടില്ല.

പന്ത്രണ്ട് ശിഷ്യന്മാർ (16–19): ഈ പന്ത്രണ്ട് പേർ എല്ലാവരെയും കുറിച്ച് പൂർണമായ വിവരണം നൽകുന്നില്ല. പത്രോസ്, യാക്കോബ്, യോഹന്നാൻ, യൂദാസ് എന്നിവരെക്കുറിച്ച് ചിലത് അറിയാം. എന്നാൽ മറ്റ് എട്ട് പേർ, അവരുടെ പേരുകൾ മാത്രമേ അറിയൂ. ഒരുപക്ഷെ അവരുടെ പ്രശസ്തി സ്വർഗത്തി

നായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു, അവിടെ അവരുടെ പേരുകൾ ദൈവത്തിന്റെ സ്വർഗീയ നഗരത്തിന്റെ 12 അടിസ്ഥാനങ്ങളാണ് (വെളിപാട് 21:14).

ഈ പന്ത്രണ്ട് പേരുമായി ബന്ധപ്പെട്ട് ചില ശ്രദ്ധേയ ബന്ധങ്ങളുണ്ട്. പത്രോസ്, അന്ത്രയോസ് എന്നിവരും യാക്കോബ്, യോഹന്നാൻ എന്നിവരും സഹോദരങ്ങളാണ്; ഇവർ നാലുപേരും മത്സ്യത്തൊഴിലാളികളായിരുന്നു); മത്തായി റോമാക്കാരുമായി സഹകരിക്കുന്ന നികുതിപിരിവുകാരൻ ആയിരുന്നെങ്കിൽ, അവരെ വെറുക്കുന്നവനായിരുന്ന തീവ്രവാദിയായ ശിമയോൻ.

യേശു ആരെയും ഒഴിവാക്കുന്നില്ല; എല്ലാവരെയും തന്റെ ദൗത്യമായ ദൈവഭരണം സ്ഥാപിക്കാൻ പങ്കാളികളാക്കുന്നു എന്നതാണ് ശ്രദ്ധേയം. എ